**പതിനാലാം കേരള നിയമ സഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 178** **04.11.2019 - ൽ മറുപടിയ്ക്ക്**

## വയനാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സി.മമ്മൂട്ടി**<br>**,, കെ.എം.ഷാജി**<br>**,, എൻ .എ.നെല്ലിക്കുന്ന്**<br>**,, മഞ്ഞളാംകുഴി അലി** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പമന്ത്രി)** |
| (എ) | മുൻസർക്കാരിന്റെ കാലത്ത് പ്രാരംഭ പ്രവർത്തനമാരംഭിച്ച വയനാട് മെഡിക്കൽ കോളേജ് സൗജന്യമായി ലഭിച്ച സ്ഥലത്ത് നിന്നും മാറ്റി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | ഉണ്ട്. നിലവിൽ ലഭ്യമായ ഭൂമിയിൽ പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണം നിർമാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനാൽ പകരം വൈത്തിരി താലൂക്കിൽ ചുണ്ടേൽ വില്ലേജിലെ ചേലോട്ട് എസ്റ്റേറ്റിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ബി) | നിർദ്ദിഷ്ട മെഡിക്കൽ കോളേജിൽ ജില്ലയിലെ ആദിവാസി പിന്നോക്കസമുദായത്തിൽപ്പെട്ടവർക്ക് സംവരണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല |
| (സി) | പ്രസ്തുത മെഡിക്കൽ കോളേജിന്റെ പൂർണ്ണമായ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (സി) | അനുയോജ്യമായ ഭൂമിയുടെ ഏറ്റെടുക്കൽ പ്രക്രിയ പൂർത്തീകരിച്ച് സമയബന്ധിതമായി നിർമാണ പ്രവർത്തനങ്ങൾ നടത്തി എത്രയും വേഗം വയനാട് മെഡിക്കൽ കോളേജിന്റെ പ്രവർത്തനം ആരംഭിക്കുവാനാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത് |

**സെക്ഷൻ ഓഫീസർ**